ഭവാനി നദിയിൽ മുക്കാലി എന്ന സ്ഥലത്ത് ഒരു തടയണയുടെ പണി ആരംഭിച്ചിരുന്നു. പ്രസ്തുത തടയണയുടെ പണി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് ഗവൺമെന്റ് കാവേരി നദീജലതർക്ക ട്രൈബ്യൂണലിൽ ഫയൽ ചെയ്ത സി.എം.പി. യിൻമേൽ 2-4-2003-ലെ ട്രൈബ്യൂണലിന്റെ ഉത്തരവിൻപ്രകാരം തടയണയുടെ പണി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനെതിരെ സുപ്രീംകോടതിയിൽ ഒരു സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

പത്താം പദ്ധതി—വിഹിതവും വിനിയോഗവും

93 [5238] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി എന്തുതുക മൊത്തം വകയിരുത്തിയിട്ടുണ്ട്;

(ബി) ഒന്നാം വാർഷിക പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്ത് തുക നൽകുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി;

(സി) യഥാർത്ഥത്തിൽ എന്തുതുക നൽകുകയുണ്ടായി; നൽകിയ തുകയിൽ 2003 മാർച്ച് 31-ന് മുമ്പായി മൊത്തം എന്തുതുക ചെലവഴിക്കാൻ കഴിഞ്ഞു;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ചെലവഴിക്കാൻ കഴിയാതെ പോയ തുക ബന്ധപ്പെട്ട പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി ചെലവഴിക്കാൻ അനുവദിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദമാക്കുമോ; മുൻവർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ തുക പൂർണ്ണമായും ചെലവഴിക്കുന്നതിന് അനുവാദം നൽകുമോ;

(ഇ) 2003-04 സാമ്പത്തിക വർഷത്തിൽ എന്തു തുക വകയിരുത്തുകയുണ്ടായി; ഇതിനകം എന്തുതുക അനുവദിക്കുകയുണ്ടായി; 2003 ജൂലൈ 31 വരെയുള്ള ഗഡുക്കൾ കണക്കാക്കിയാൽ എന്തുതുക മൊത്തം നൽകേണ്ടതായിട്ട് ഉണ്ടായിരുന്നു?

ഉത്തരം

(എ) പത്താം പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 8,000 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(ബി) പത്താം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വാർഷിക പദ്ധതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 1342 കോടി രൂപ 2002-2003 വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്നു.

(സി) 2002-2003 വർഷം 1006.50 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി നൽകിയിട്ടുണ്ട്. ഇതിൽ മാർച്ച് 31 വരെ 548.68 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുൻകാലങ്ങളിൽ അനുവദിച്ചിട്ടുള്ളതിൽ ചെലവഴിക്കാത്ത തുക നടപ്പു സാമ്പത്തികവർഷം ജൂലൈ മാസം 9-ാം തീയതി വരെ ചെലവഴിക്കാൻ അനുവാദം നൽകുകയുണ്ടായി. എന്നിട്ടും ചെലവഴിക്കാത്ത തുക കേരളാ ഫിനാൻഷ്യൽ കോഡ് അനുസരിച്ച് കൺസോളിഡേറേറഡ് ഫണ്ടിൽ ലാപ്സായി. എന്നാൽ മുൻവർഷങ്ങളിലെ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനായി ഈ വർഷത്തെ പദ്ധതി വിഹിതം കൂടാതെ 335 കോടി രൂപ അഡീഷണലായി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ എസ്.സി. പി. ഫണ്ട് വേണ്ടുന്നതെത്രയെന്ന് കണക്കുകൂട്ടി അതുംകൂടി നൽകുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

(ഇ) 2003-04 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതമായി 1317 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക മാസഗഡുക്കളായിട്ടാണ് നൽകുന്നത്. 2003 ജൂലൈ 31 വരെയുള്ള 4 മാസത്തെ പദ്ധതിവിഹിതമായ 439 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

പത്താം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാറ്റിവച്ചിട്ടുള്ള തുക

94 [5239] ശ്രീ. ബിനോയ് വിശ്വം:

,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുക മാറ്റിവച്ചിട്ടുണ്ട്;

(ബി) ഇതിൽ ഈ വർഷം അനുവദിച്ച തുക എത്ര; ഈ തുകയിൽ നിന്നും എത്ര ഗഡുക്കൾ അനുവദിച്ചു;

(സി) പദ്ധതി വിഹിതം തിരിച്ചെടുക്കുവാനുള്ള തീരുമാനത്തിന്റെ വെളിച്ചത്തിൽ ഇതുവരെ എത്രതുക തിരികെ ലഭിച്ചെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പത്താം പഞ്ചവത്സര പദ്ധതിയിൽ (2002-2007) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 8000 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ 1317 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക 12 തുല്യമാസ ഗഡുക്കളായിട്ടാണ് വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിൽ ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള പദ്ധതി വിഹിതം ഒറ്റ ഗഡുവായി വിതരണം ചെയ്തിട്ടുണ്ട്. അഡീഷണലായി 335 കോടി രൂപ കൂടി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) പദ്ധതി വിഹിതം തിരിച്ചെടുക്കാൻ തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly